ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. വാഹനങ്ങൾമൂലം അപകടത്തിന് വിധേയരായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനു വേണ്ടി ഒരു പ്രത്യേക ഇൻഷ്വറൻസ് നിധി കോർപ്പറേഷനുണ്ട്. കോർപ്പറേഷൻ വണ്ടികൾ മുട്ടി മരണമടയുന്നവരുടെ അവകാശികൾക്കും മുറിവേറ്റവർക്കും നാശനഷ്ടങ്ങൾ നേരിട്ടിട്ടുള്ളവർക്കും സഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ കോർപ്പറേഷനുണ്ട്. പതിനായിരം ഉറുപ്പികക്കു താഴെയുള്ള നഷ്ടപരിഹാര കേസുകളിൽ കോർപ്പറേഷനിലുള്ള ഒരു കമ്മിറ്റിയുടെ ശുപാർശയിൻമേൽ ജനറൽ മാനേജർക്ക് അവസാന തീരുമാനം എടുക്കാവുന്നതാണ്. മറ്റുള്ളവയിൽ തീരുമാനം എടുക്കേണ്ടത് കോർപ്പറേഷൻ ബോർഡാണ്. 1966-ലെ ഇൻഷ്വറൻസ് ഫണ്ടു റഗുലേഷന്റെ ഒരു പ്രതി കൂടുതൽ അറിവിനുവേണ്ടി ഇതിന്റെ അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലം ഈ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരം താഴെപ്പറയുന്ന പ്രകാരമാണ്:

	രൂപ
1973–74	3,22,347.16
1974–75	2,99,941.19
1975–76	7,53,478.61
1976–77	8,23,672.45
1977–78	11,09,271.62
ആകെ	33,08,711.03

കോഴിക്കോട്ടേയ്ക്ക് വിമാന സർവ്വീസ്

813 [1231] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടേയ്ക്ക് വിമാന സർവ്വീസ് ഏർപ്പെടുത്തുന്ന സംസ്ഥാന ഗവൺമെൻറിന്റെ പദ്ധതി ഉപേക്ഷിച്ചുവോ;

(ബി) ഇല്ലെങ്കിൽ ഇന്നത്തെ അതിന്റെ സ്ഥിതി എന്ത്?

ഉത്തരം

(എ ആൻറ് ബി) ഇല്ല. തിരുവനന്തപുരം–കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് എയർ സർവ്വീസ് നടത്തിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. അതു സംബന്ധിച്ചുള്ള വിശദാംശങ്ങളെപ്പറ്റി മേസ്സേഴ്സ് ഹൺസ് എയർ (പ്രൈവറ്റ്) എന്ന കമ്പനിയുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

*അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly